മാതൃഭൂമി
നഗരം
Business
2010 ഒക്ടോബർ 18 • തിങ്കളാഴ്ച

# the new click

കെ. പ്രമോദ്

ഞങ്ങളില്ലാതെ നിങ്ങൾക്ക് എന്താഘോഷമെന്നാണ് ഓരോ ക്ലിക്കും പറഞ്ഞുകൊണ്ടേയിരിക്കുന്നത്. ഡാർക്ക് റൂമും ഫിലിമും നെഗറ്റീവുമെല്ലാം ഓർമയുടെ ബ്ലാക്ക് ആൻഡ് വൈറ്റ് ആൽബങ്ങളിലാവുകയും ഡിജിറ്റൽ തരംഗം ഫ്രെയിമുകൾ തീർക്കാൻ തുടങ്ങുകയും ചെയ്തതോടെ എല്ലാവരിലും തുറന്നു ഒരു കാമറക്കണ്ണ്. ഇഷ്ടനിമിഷങ്ങൾക്കായി കണ്ണുതുറന്നിരിക്കുന്ന കാമറലോകം പോസിറ്റീവ്' വാർത്ത കളുടെ വെള്ളിവെളിച്ചത്തിലാണ്.

ആദ്യമൊക്കെ സ്റ്റുഡിയോകൾക്കുള്ളിൽ മാത്രമായിരുന്നു ഫ്ലാഷ് തെളിഞ്ഞിരുന്നത്. മൂന്നുകാലിൽ കറുത്ത തുണികൊണ്ട് കണ്ണുമൂടിയിരിക്കുന്ന കാമറയുടെ മുന്നിൽ അനങ്ങാതെ 'സ്മൈൽ പ്ലീസി'നുകാത്തിരിക്കണം. കുറച്ചുനിമിഷങ്ങളെടുക്കും ഫ്ലാഷടിക്കാൻ. പ്രിൻറിനുവേണ്ടി വീണ്ടും കാത്തിരിപ്പ്.

ഗ്രൂപ്പ് ഫോട്ടോകൾക്കായി അവ പിന്നെ പുറത്തേക്കിറങ്ങി. അപ്പോഴും കാമറാമാൻെറ കൈയിലിരിക്കാൻ ഭാഗ്യമുണ്ടായില്ല. ചാഞ്ഞും ചരിഞ്ഞും പലവട്ടം ലെൻസിലൂടെ നോക്കിവേണ്ടിയിരുന്നു ഓകെ പറയാൻ. ഒരു ക്ലിക്കിൽ കിട്ടിയില്ലെങ്കിൽ നഷ്ടബോധമാകും.

പിന്നെയും ഫോട്ടോഗ്രാഫറുടെ കയ്യിൽ തൂങ്ങി ക്ലിക്ക് ചെയ്തുകൊണ്ടേയിരുന്നു കാമറകൾ. അപ്പോഴും ഫിലിം ലോഡ് ചെയ്യൽ തുടങ്ങി ക്ഷമയും സമയവും ആവശ്യപ്പെടുന്ന, ഒരു വിദഗ്ധനുമാത്രം വഴങ്ങുന്ന കലയും തൊഴിലുമായി അഹങ്കരിച്ചു നിന്നു ഫോട്ടോ എടുപ്പ്.

എസ്. എൽ. ആർ (സിംഗിൾലെൻസ് റിഫ്ലക്ടർ) കാമറകളിൽ ഫിലിം ലോഡ് ചെയ്യുന്നതിനൊപ്പം വൈഡ്, ടെലി, മാക്രോ, തുടങ്ങി ആവശ്യത്തിനനുസരിച്ച് ലെൻസുകൾ മാറ്റി ഘടിപ്പിക്കാമെന്നായപ്പോഴും ഫോട്ടോ എടുക്കുന്നയാളുടെ വൈദഗ്ധ്യം തന്നെയായിരുന്നു മുഖ്യ ഘടകം.

ഡി.എസ്. എൽ. ആർ (ഡിജിറ്റൽ സിംഗിൾലെൻസ് റിഫ്ലക്ടർ) കാമറകളുടെ വരവോടെ കാമറകൾ ചറപറാ മിന്നിത്തുടങ്ങുകയായിരുന്നു. ആരെയും ഫോട്ടോഗ്രാഫറാക്കും എന്ന വാശിയോടെയായിരുന്നു അവയുടെ വരവ്. ഫിലിമിൻെറയും മറ്റും കെട്ടുപാടുകളില്ലാതെ ആവശ്യം പോലെ സ്നാപ്പുകളെടുക്കാം. ഡിജിറ്റലിൽ ഇതൊക്കെ ചീളുകേസല്ലേ എന്ന മട്ടിൽ. ഒപ്റ്റിക്കൽ വ്യൂ ഫൈൻററിലൂടെ ഫ്രെയിം തീരുമാനിച്ച് ഫോട്ടോ എടുക്കാമെന്നതിനാൽ വലിയ വൈദഗ്ധ്യമൊന്നും ഇവിടെ ആവശ്യം വരുന്നുമില്ല. ഫോട്ടോ എടുക്കലും ഡിലീറ്റ് ചെയ്യലും, സ്റ്റോർ ചെയ്യലുമെല്ലാം വളരെ ഈസിയായി.

കാനൺ, നിക്കോൺ ,ഫ്യൂജി, സോണി, ഒളിംപസ് എന്ന കമ്പനികളുടെ കാമറകളാണ് കേരളത്തിലെ പ്രധാനതാരങ്ങൾ. സാധാരണക്കാർക്ക് താങ്ങാവുന്ന വിലയിലുള്ളതും ഉപയോഗിക്കാൻ എളുപ്പമുള്ളതുമായ ഒപ്റ്റിക്കൽ സൂമോടുകൂടിയ 'പോയിൻറ് ആൻഡ് ഷോട്ട്' ഡിജിറ്റൽ കാമറകളാണ് വിൽപനയിലെ ടോപ്സ്കോറർമാർ. അഞ്ചു മുതൽ 12 മെഗാപിക്സൽ വരെയുള്ള കാമറകളാണ് ഈ വിഭാഗത്തിലുള്ളത്. പിക്സൽ കൂടുന്നതിനനുസരിച്ച് വിലയും കൂടും. 4900 രൂപയിലാണ് തുടക്കം.

12 മെഗാപിക്സലുള്ള നികോണിൻെറ എസ്3000–7990 രൂപവരും. കൂൾ പിക്സ് എൽ21 ആകട്ടെ 4999രൂപയ്ക്ക് കിട്ടും.

ഫ്യൂജിയുടെ ഏറ്റവും കുറഞ്ഞ വിലയുള്ള കാമറ12 എം.പി. യുള്ള എവി100 ആണ്–4999 രൂപ. 10 എംപിയുള്ള കാനണിൻെറ എ–495നും ഇതേവിലതന്നെ.

സാധാരണ സ്റ്റുഡിയോയിലും മറ്റും ഉപയോഗിക്കുന്ന കാമറകൾക്ക് ലെൻസ് ഉൾപ്പെടെയുള്ള കിറ്റിന് 25000 മുതൽ മൂന്നു ലക്ഷം രൂപ വരെ വിലവരും. ആവശ്യത്തിനനുസരിച്ച് 50000 മുതൽ 65000 രൂപ വരെയുള്ള ലെൻസുകളും ലഭ്യമാണ്.

ഫാഷൻ മോഡലിങ് ടൂറിസം, ട്രാവൽ തുടങ്ങിയ മേഖലകളുടെ വളർച്ചയിൽ പ്രൊഫണൽ ഫോട്ടോഗ്രഫി ഒരു പ്രധാന മേഖലയായതോടെ ഹൈ എൻഡ് കാമറകളുടെ വിൽപനയിലും വൻ വളർച്ചയാണുണ്ടായത്.

20 മുതൽ മെഗാപിക്സലുള്ള കാമറകളാണ് മോഡലിങ്ങ് ഫോട്ടോഗ്രാഫിയിലും മറ്റും പ്രൊഫഷണൽസ് ഉപയോഗിക്കുന്നത്. കാനണിൻെറ EOS 5D MARK 2 ആണ് ഇപ്പോൾ പ്രിയ താരം. 21.1 എംപിഉള്ള ഇതിൻെറ രണ്ടുലെൻസുകളും ഫ്ലാഷുകളും അടങ്ങിയ കിറ്റിന് ഏകദേശം മൂന്നു ലക്ഷം രൂപയാണ് വില. കല്യാണ ആൽബങ്ങൾക്കും ഫാഷൻ, മോഡലിങ് രംഗത്തും സാധാരണയായി ഈ മോഡലാണ് ഉപയോഗിക്കുന്നത്.കാനണിൻെറ തന്നെ EOS 1DS MARK111 ന് നാലു ലക്ഷത്തോളം രൂപ വിലവരും. 30,000 മുതൽ 50 ലക്ഷം രൂപ വരെയുള്ള കാമറകളുണ്ടെങ്കിലും അമ്പതിനായിരം മുതൽ ഒന്നരലക്ഷം രുപവരെയുള്ള കാമറകളാണ് 50 ശതമാനത്തിലധികം പ്രൊഫഷണൽസും ഉപയോഗിക്കുന്നത്.

## വിൽക്കാനുണ്ട് ഫോട്ടോകൾ

പടമെടുപ്പിലൂടെ പണമെടുക്കാനുള്ള അതിവിശാല സൗകര്യമാണ് ഇൻറർനെറ്റിലെ ഫോട്ടോഷെയറിങ് വെബ്സൈറ്റുകൾ തുറന്നിടുന്നത്. അതും അധികം സാങ്കേതിക സൗകര്യങ്ങളൊന്നുമില്ലാതെ വെറുമൊരു ഡിജിറ്റൽ കാമറയും ഫോട്ടോഷോപ്പിൻെറ അനന്തസാധ്യതയും മാത്രം ഉപയോഗിച്ച്. ഓൺലൈൻ ഫോട്ടോഷെയറിങ് സൈറ്റുകളിൽ ഏറ്റവും പ്രചാരത്തിലുള്ളത് ഗൂഗിളിൻെറ പിക്കാസയും ഫ്ലിക്കർ ഡോട്ട്കോമുമാണ്.

ചിത്രങ്ങൾ അപ്ലോഡ് ചെയ്യാനും പല വിഭാഗങ്ങളിലായുള്ള ആയിരക്കണക്കിനു ഫോട്ടോകൾ പരിശോധിക്കാനും ഈ സൈറ്റുകൾ സൗകര്യമൊരുക്കുന്നു. എന്നാൽ പൂർണമായും വാണിജ്യസ്വഭാവത്തോടെയല്ല ഇവയുടെ പ്രവർത്തനം. മികച്ച ഫോട്ടോകളിൽ താത്പര്യം തോന്നുന്നവർക്ക് നേരിട്ടു ബന്ധപ്പെട്ട് വാങ്ങാം എന്നുമാത്രം. ഇവയിലെ അംഗത്വവും തികച്ചും സൗജന്യമാണ്. പരസ്യവരുമാനത്തിലാണ് ഇത്തരം സൈറ്റുകൾ പ്രവർത്തിക്കുന്നത്.

പൂർണമായും വാണിജ്യസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ഇമേജ് സെല്ലിങ് സൈറ്റുകളാണ് gettyimage.com, corbis.com,depositfotos.com,imagebazaar.com എന്നിവ. ഇമേജ് ബസാർ ഇന്ത്യൻ സൈറ്റാണ്. നാഷണൽ ജ്യോഗ്രഫിക്കുൾപ്പെടെ ഈസൈറ്റ് ചിത്രങ്ങൾ വിൽക്കുന്നുണ്ട്. ചിത്രങ്ങളുടെ പ്രൊഫഷണൽ സ്വഭാവത്തിനും ആവശ്യത്തിനുമനുസരിച്ച് പല സൈറ്റുകളും വ്യത്യസ്ത രീതിയിലാണ് വില നിശ്ചയിക്കുന്നത്. ആശയങ്ങളിലും അവതരണത്തിലുമുള്ള നൂതന പരിഷ്കാരണങ്ങളാണ് ഇത്തരം സൈറ്റുകളുടെ വിജയമന്ത്രം.



വാണിജ്യ സാധ്യതകൾ തുറന്ന്

## പനോരമിക് ഫോട്ടോഗ്രാഫി

ശുഭ ജി.

നമ്മുടെ നാട്ടിൽ അത്ര പരിചിതമായിട്ടില്ലാത്ത പുതിയൊരു ദൃശ്യവിസ്മയലോകം തുറക്കുകയാണ് പനോരമിക്ക് ഫോട്ടോഗ്രാഫിയെന്ന നൂതന സങ്കേതം. അനന്തമായ വാണിജ്യസാധ്യതകളാണ് 360 ഡിഗ്രി ഫോട്ടോ ഗ്രാഫിയെന്നും അറിയപ്പെടുന്ന ഈ കലയ്ക്കുള്ളത്.

സാധാരണ ഫോട്ടോയിൽ, അതെത്ര വൈഡ് ആംഗിൾലെൻസ് ഉപയോഗിച്ചുള്ളതായാലും, കിട്ടുക ഒരു ഭാഗത്തെ ദൃശ്യം മാത്രമാവും. എന്നാൽ, ഫോട്ടോഗ്രാഫർ നിൽക്കുന്ന പോയിൻറിൽ നിന്ന് ചുറ്റുമുള്ള മുഴുവൻ ദൃശ്യങ്ങളും മുകളിലും താഴെയുമുള്ള കാഴ്ചകളുമെല്ലാം ഒറ്റ ഫോട്ടോയായി കാണാനാവുന്നതാണ് പനോരമിക്ക് ഫോട്ടോ.

എടുക്കേണ്ടചിത്രം പ്രകൃതിദൃശ്യമോ കെട്ടിടങ്ങളോ മറ്റെന്തുമാവട്ടെ. ചിത്രം എങ്ങനെവേണമെന്നു നിശ്ചയിച്ചശേഷം നിശ്ചിതകേന്ദ്രത്തിൽ ക്യാമറ ഉറപ്പിക്കും. അതായത് ആ പോയിൻറിൽ നിന്ന് ചുറ്റുമുള്ള ദൃശ്യങ്ങളാവും പകർത്തുക. 360ഡിഗ്രിയെ പല ചെറു ആംഗിളുകളായി വിഭജിച്ച് ഓരോ വ്യത്യസ്ത ചിത്രങ്ങളെടുക്കുന്നു. ക്യാമറ അതി സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട സാങ്കേതമാണിത്. ഈ വിധം 100മുതൽ 200ചിത്രങ്ങൾ വരെ ഒരു പനോരമിക് ഫോട്ടോഗ്രാഫിനായി എടുക്കും. ഇവ പ്രത്യേക സോഫ്റ്റ് വെയറിൻെറ സഹായത്തോടെ ഒറ്റച്ചിത്രമാക്കുന്നു. ഈ രീതിയിൽ ഓരോഭാഗവും ചെറുചെറുഘടകങ്ങളായി പരിപൂർണ കൃത്യതയിൽ എടുക്കുന്ന രീതിയെ ഹൈഡൈനാമിക് റേഞ്ച് (എച്ച്.ഡി.ആർ) എന്നു പറയും. മികച്ച നിലവാരമുള്ള സാധാരണ പ്രൊഫഷണൽ ക്യാമറകൾ തന്നെ പനോരമിക് ഫോട്ടോഗ്രാഫിയ്ക്കും ഉപയോഗിക്കാം. ക്യാമറ സ്പെഷ്യൽ പനോരമിക് ഹെഡ് എന്ന ഉപകരണത്തിൽ ഘടിപ്പിച്ചശേഷം സ്റ്റാൻഡിൽ പിടിപ്പിക്കുന്നു. പനോരമിക് ഹെഡ് നിലവിൽ വിദേശത്തുനിന്ന് എത്തിക്കുകയാണു ചെയ്യുന്നത്. ഒരു ചിത്രത്തെ പനോരമിക് ഫോട്ടോയെന്നാണ് വിളിക്കുന്നതെങ്കിൽ ഒരേ സ്ഥലത്തിൻെറ വിവിധ ഭാഗങ്ങളുടെ ഒരുകൂട്ടം പനോരമ ഫോട്ടോകളെ 'വെർച്വൽ ടൂറെ'ന്നു പൊതുവേ പറയും. ടൂറിസം, റിയൽഎസ്റ്റേറ്റ്, കുറ്റാന്വേഷണം, ഗവേഷണം തുടങ്ങി ഒട്ടേറെ മേഖലകളിൽ ഈ സങ്കേതികവിദ്യ ഉപയോഗപ്പെടുത്താമെന്ന് ഈ രംഗത്തെ ശ്രദ്ധേയനായ ലീൻതോബിയാസ് ചൂണ്ടിക്കാട്ടുന്നു. വിനോദസഞ്ചാരകേന്ദ്രങ്ങളുടെ മനോഹാരിതയും റിസോർട്ടുകളുടെയും ഹോട്ടലുകളുടെയും മറ്റും സൗകര്യങ്ങളും 360ഡിഗ്രിയിൽ പകർത്തി അതു വെബ്സൈറ്റുകളിലൂടെ ലോകത്തിനു മുന്നിലെത്തിക്കാം. ഇതേ ഉപയോഗമാണ് റിയൽ എസ്റ്റേറ്റ് രംഗത്തുമുള്ളത്. നിർമാണത്തിലിരിക്കുന്ന പ്രോജക്ടിൻെറയോ പൂർത്തീകരിച്ച വില്ലയുടെയോ ഒക്കെ ചിത്രങ്ങൾ ഇവ്വിധം ഉപഭോക്താക്കളിലും വാങ്ങാനുദ്ദേശിക്കുന്നവരിലും എത്തിക്കാം. അമേരിക്കയിലെ കുറ്റാന്വേഷണ ഏജൻസിയായ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ, ഒരു കുറ്റകൃത്യം നടന്നാലുടൻ ചെയ്യുക, ആ സ്ഥലത്തിൻെറ പനോരമിക് ചിത്രമെടുക്കുകയാവും. ഒരിഞ്ചു സ്ഥലംപോലും വിടാതെയുള്ള ഈ ഫോട്ടോ പരിശോധിക്കുന്നതിലൂടെ നേരിട്ട് സ്ഥലം കാണുന്നത്രയും നന്നായി, അഥവാ അതിലേറെ സൂക്ഷ്മമായി കാര്യങ്ങൾ കണ്ടറിയാം, അന്വേഷണവഴിയിൽ ഉദ്യോഗസ്ഥർ മാറിയാലും ഈ ചിത്രം ഉപകാരപ്പെടും. പല വിദേശരാജ്യങ്ങളും ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്.

പനോരമിക് ഫോട്ടോയുടെ ഏറ്റവും വലിയ സവിശേഷത അതിൽ ഏതെങ്കിലും ഭാഗം സൂം ചെയ്തു കാണണമെങ്കിൽ അതിനുള്ള സംവിധാനവുമുണ്ടെന്നതാണ്. ഈ സൗകര്യം ശരിയായി പ്രയോജനപ്പെടുത്തുന്നത് ഓൺലൈൻ വില്പനയിൽ സജീവമായ ആർട്ട് ഗാലറികളുടെ സൈറ്റുകളാണ്.

പനോരമിക് ചിത്രങ്ങൾ കമ്പ്യൂട്ടറിലാണു കാണാനാവുക. മൗസിൻെറ നീക്കങ്ങളിലൂടെ ചിത്രത്തിൻെറ വിവിധ ഭാഗങ്ങൾ കാണാം. വീഡിയോയെ അപേക്ഷിച്ചും മെച്ചമുണ്ടിവയ്ക്ക്. വീഡിയോവിൽ പകർത്തിയ ദൃശ്യങ്ങൾ കാണുന്നതിനിടെ ഏതെങ്കിലുമൊരു ഭാഗം വീണ്ടും കാണണമെങ്കിൽ പുറകോട്ടു പോകാം. എന്നാൽ വീണ്ടും ദൃശ്യം നീങ്ങിക്കൊണ്ടേയിരിക്കും. ഏറെനേരം ഒരു ഭാഗം കണ്ടുകൊണ്ടേയിരിക്കാനാവില്ല. എന്നാൽ പനോരമിക് ഫോട്ടോയിൽ ഏതു ഭാഗവും എത്രനേരവും എത്ര സൂക്ഷ്മമായും കാണാം. 360ഡിഗ്രി ചിത്രങ്ങൾക്കൊപ്പം സംഗീതവും പശ്ചാത്തലമായി ഉൾപ്പെടുത്താം. ഇതിലെ പുതിയ പരീക്ഷണമാണ് ലൈവ് മ്യൂസിക്. ഏതെങ്കിലും റേഡിയോയുമായി ചേർന്ന് നിശ്ചിത ഫോട്ടോയ്ക്കൊപ്പം അതു ലൈവായി കേൾപ്പിക്കും. സംഗീതത്തിൽ ഭാഷ തിരഞ്ഞെടുക്കാനുമുണ്ട് അവസരം.

പനോരമയിൽ ചലനങ്ങളും സാധ്യമാക്കുന്നുണ്ട് പരീക്ഷണങ്ങളിൽ ഹരം കാണുന്ന ലീൻതോബിയാസ്. ചിത്രത്തിൽ ക്ലോക്കുണ്ടെങ്കിൽ അത് ഓടിക്കാം. കൃത്യം സമയവുമറിയാം. അതും ഓരോ രാജ്യത്തുള്ളവർ നോക്കുമ്പോഴും അവിടത്തെ സമയം. ഇത്തരം ഒട്ടേറെ വിസ്മയങ്ങളുടെ കലവറയാണ് അദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള **P4Panorama** എന്ന വെബ്സൈറ്റ്. ഗൂഗിൾമാപ്പിനായി കേരളത്തിലെ ചിത്രങ്ങൾ പകർത്തുന്നണ്ടവർ. അതിൽ കാണുന്ന ഏതെങ്കിലും വ്യാപാര സ്ഥാപനത്തിൻെറ അകം കാണണമെന്നു തോന്നിയെന്നുവെയ്ക്കുക. ഗൂഗിൾമാപ്പിൽ ഈ സ്ഥാപനത്തിൽ ഒരു ലിങ്ക് കൊടുത്താൽ അതുവഴി കടയുടെ ഉൾഭാവും ഉത്പന്നങ്ങളും മറ്റും പനോരമിക് ഫോട്ടോയായി കാണാവുന്ന പുതിയ രീതി വരുന്നുണ്ട്. ഔൺലൈൻ വില്പനയുടെ കാലത്ത് ഇത്തരം പ്രചാരണ രീതികൾക്ക് പ്രസക്തിയേറും.

നിലവിൽ 10,000 രൂപയോളമാണ് ഒരു പനോരമിക്ക് ഫോട്ടോയ്ക്ക് ഈടാക്കുന്നത്. ഒരു റിസോർട്ടും മറ്റും ഷൂട്ട് ചെയ്യുമ്പോൾ ആറോളം പനോരമിക് ചിത്രങ്ങളെങ്കിലും എടുക്കണം. ഐപാഡിൽ കൂടി കാണാവുന്ന രീതിയിൽ 'ക്വിക്ടൈം' കംപാറ്റിബിറ്റാണ് ലീനിൻെറ പനോരമിക് ഫോട്ടോകൾ.

bizwords

## ഓവർ ബോട്ട്

നിശ്ചിത ഓഹരിയിൽ വാങ്ങൽ താത്പര്യം വർധിക്കുകയും ഹ്രസ്വകാലത്തേക്കായി വില ക്രമാതീതമായി ഉയർന്ന് പ്രത്യേക പരിധിയിൽ എത്തുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നതിന് നീരീക്ഷകർ ഉപയോഗിക്കുന്ന സാങ്കേതിക പദമാണിത്. ആവശ്യക്കാരേറുന്നതിനാൽ ചുരുങ്ങിയ കാലം കൊണ്ട് ഓഹരി വില കാര്യമായി ഉയർന്നിട്ടുണ്ടാകും. ഉയർന്ന വിലയിൽ ലാഭമെടുക്കൽ നടക്കുമെന്നതിനാൽ വിലയിൽ തിരുത്തലുകൾ ഉണ്ടാകാം. ഓവർ ബോട്ട് അവസ്ഥയിൽ ഓഹരി വിറ്റ് ഇടക്കാല ലാഭമെടുക്കാൻ പറ്റിയ അവസരമാണ്.

കെ.വി.ആർ.

